<u>നടപടി ക്രമങ്ങൾ</u>

<u>അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി, എൻ.സി.സി ഡയറക്ടറേറ്റ്</u>
<u>(കേരളവും, ലക്ഷദ്വീപും), സംസ്ഥാന വിഭാഗം, തിരുവനന്തപുരം</u>
<u>(ഹാജർ: മേജർ ജനറൽ അലോക് ബെറി)</u>

എൻ.സി.സി ജീവനക്കാര്യം - ഫുൾ ടൈം സ്വീപ്പർ നിയമനം/സ്ഥലം മാറ്റം എന്നിവ അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

നമ്പർ. 275/എ2-II/എസ്റ്റാ/2022/എൻ.സി.സി തിരുവനന്തപുരം : 05 മേയ് 2022

സൂചന: 12.(1) ഈ കാര്യാലയത്തിന്റെ 08/02/2022 തീയതിയിലെ ഇതേ നമ്പർ കത്ത്.

(2) എറണാകുളം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ 21.02.2022 തീയതിയിലെ 822/01/എസ്റ്റാ/834 നമ്പർ കത്ത്.

(3) തിരുവനന്തപുരം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ 22/02/2022 തീയതിയിലെ ഇ3/2653/ഗ്രൂപ്പ് എച്ച്.ക്യൂ/എൻ.സി.സി നമ്പർ കത്ത്.

(4) എൻ.സി.സി ഡയറക്ടറേറ്റിലെ എ4-എസ്റ്റാ- ൽ നിന്നും ലഭിച്ച 25.02.2022 തീയതിയിലെ 7070/എ4-എസ്റ്റാ/2020/എൻ.സി.സി നമ്പർ ഐ.ഒ.എൻ.

(5) കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ 14.03.2022 തീയതിയിലെ 154/2/എസ്റ്റാ-3/ഗ്രൂപ്പ് എച്ച്.ക്യൂ നമ്പർ കത്ത്.

(6) ഈ കാര്യാലയത്തിന്റെ 23.03.2022 തീയതിയിലെ ഇതേ നടപടി ക്രമം.

(7) എറണാകുളം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ 06.04.2022 തീയതിയിലെ 820/എസ്റ്റാ/503 നമ്പർ കത്ത്.

(8) 28.03.2022 തീയതിയിൽ ശ്രീ. റോബർട്ട് പി.സി, പി.റ്റി.എസ് സമർപ്പിച്ച നിവേദനം.

## <u>ഉത്തരവ്</u>

1. 3 കേരള എയർ സ്ക്വാഡ്രൻ എൻ.സി.സി-യിൽ എഫ്.റ്റി.എസ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ബാബു പി.ജെ 28.02.2022 തീയതിയിൽ വിരമിച്ചതു കാരണം നിലവിൽ വന്ന ഒഴിവിലേക്ക് സ്ഥലം മാറ്റം വഴി നിയമനം നടത്തുന്നതിനും, സ്ഥലം മാറ്റത്തിനു ശേഷം നിലവിൽ വരുന്ന എഫ്.റ്റി.എസ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നതിനും സൂചന (1) പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു.

2. സൂചന 4,5 എന്നിവ പ്രകാരം ശ്രീ. സുനിൽകുമാർ കെ, എഫ്.റ്റി.എസ്, എൻ.സി.സി ഡയറക്ടറേറ്റ്, തിരുവനന്തപുരം, ശ്രീ. രാജേഷ് രാജേന്ദ്രൻ, എഫ്.റ്റി.എസ് 27 കേരള ബറ്റാലിയൻ എൻ.സി.സി പാലക്കാട് എന്നിവർ സ്ഥലം മാറ്റത്തിനായും സൂചന 2,3 എന്നിവ പ്രകാരം ശ്രീ. റോബർട്ട് പി.സി, പി.റ്റി.എസ് 21 കേരള ബറ്റാലിയൻ എൻ.സി.സി എറണാകുളം, ശ്രീ. വിമൽരാജ് എ, പി.റ്റി.എസ് 1 കേരള ബറ്റാലിയൻ എൻ.സി.സി വർക്കല എന്നിവർ സ്ഥാനക്കയറ്റത്തിനായും അപേക്ഷകൾ സമർപ്പിക്കുകയുണ്ടായി.

3. അപേക്ഷകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഫുൾ ടൈം സ്വീപ്പർ നിയമനം/സ്ഥലം മാറ്റം എന്നിവയുമായി ബന്ധപ്പെട്ട് താത്ക്കാലിക ഉത്തരവ് സൂചന (6) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് സംബന്ധിച്ച പരാതികൾ ഉണ്ടെങ്കിൽ 2022 ഏപ്രിൽ 15-നു മുമ്പ് ഈ ഓഫീസിൽ അറിയിക്കാൻ നിർദ്ദേശിച്ചിരുന്നു.

4. ടി ഉത്തരവ് പ്രകാരം ഫുൾടൈം സ്വീപ്പർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. റോബർട്ട് പി.സി തനിക്ക് നല്കിയ സ്ഥാനക്കയറ്റം റദ്ദാക്കി പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ തുടരുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (8) പ്രകാരം ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായി.

5. മേൽ സാഹചര്യത്തിൽ ചുവടെ സൂചിപ്പിക്കും പ്രകാരം എഫ്.ടി.എസ് ജീവനക്കാർക്ക് സ്ഥലം മാറ്റം നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്/തസ്തിക | നിലവിലെ കാര്യാലയം | സ്ഥലം മാറ്റം വഴി നിയമിക്കപ്പെടുന്ന കാര്യാലയം | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ.രാജേഷ് രാജേന്ദ്രൻ (PEN-736992) FTS | 27 കേരള ബറ്റാലിയൻ എൻ.സി.സി പാലക്കാട് | 3 കേരള എയർ സ്ക്വാഡ്രൻ എൻ.സി.സി എറണാകുളം | |
| 2. | ശ്രീ. സുനിൽകുമാർ കെ (PEN-868274) FTS | എൻ.സി.സി ഡയറക്ടറേറ്റ് (കെ&എൽ) സംസ്ഥാന വിഭാഗം തിരുവനന്തപുരം | 27 കേരള ബറ്റാലിയൻ എൻ.സി.സി പാലക്കാട് | |

6. ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ ഈ ഉത്തരവ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട ജീവനക്കാർക്ക് നല്കേണ്ടതാണ്. ടി ജീവനക്കാരുടെ വിടുതൽ/ജോലിയിൽ പ്രവേശിക്കുന്ന തീയതി എന്നിവ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

എൻ.സി.സി ഡയറക്ടറേറ്റ് സംസ്ഥാന വിഭാഗം തിരുവനന്തപുരം-10 കേരളവും ലക്ഷദ്വീപും

ഒപ്പ്/-

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

പകർപ്പ്:-

എല്ലാ യൂണിറ്റുകൾക്കും ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും

ഐ.റ്റി സെക്ഷൻ (വെബ്സൈറ്റ് മുഖേന)

അംഗീകാരത്തോടെ

SREEJITH.R
PEN384880
Senior Superintendent
NCC Directorate(K&L)